ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 16.02.2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യ-എഐ ഇംപാക്ട് എക്സ്പോ 2026 ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അൽപ്പ സമയത്തിനകം ഉദ്ഘാടനം ചെയ്യും, ഉച്ചകോടിയിൽ പങ്കെടുത്ത് ലോകനേതാക്കൾ
2. ശബരിമല യുവതി പ്രവേശന വിഷയത്തിലെ പുനഃപരിശോധനാ ഹർജികൾ ഏപ്രിൽ 7 മുതൽ സുപ്രീം കോടതി പരിഗണിക്കും.
3. കോട്ടയം മെഡിക്കൽ കോളജിലെ സർജിക്കൽ ബ്ലോക്ക് ഉൾപ്പെടെ 283 കോടി രൂപയുടെ വികസന പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിച്ചു.
4. സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷനുകൾക്കായി1,050 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ; ഈ മാസത്തെ പെൻഷൻ 25 മുതൽ വിതരണം ചെയ്യും.
5. പരമ്പരാഗത വൈദ്യശാസ്ത്ര രംഗത്ത്, മികവിന്റെ കേന്ദ്രമായി കേരളം ഉയരുകയാണെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ്.
6. ഐ.സി.സി പുരുഷ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇറ്റലിക്കെതിരെ ഇംഗ്ലണ്ടിന് 24 റൺസ് ജയം.

**************

RNU TVPM

## പി.എം. -ഇന്ത്യ AI ഇംപാക്ട് എക്സ്പോ

ഇന്ത്യ AI ഇംപാക്ട് എക്സ്പോ 2026 പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ അൽപ്പ സമയത്തിനുള്ളിൽ ഉദ്ഘാടനം ചെയ്യും. ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയുടെ ഭാഗമായാണ് അഞ്ച് ദിവസത്തെ എക്സ്പോ സംഘടിപ്പിച്ചിട്ടുള്ളത്. ഉച്ചകോടിയിൽ 20 രാജ്യങ്ങളിൽ നിന്നുളള ലോക നേതാക്കൾ പങ്കെടുക്കും. ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയുടെ ആദ്യ ദിവസമായ ഇന്ന്, ഭാരത് മണ്ഡപത്തിലും സുഷമ സ്വരാജ് ഭവനിലും വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകൾ പുരോഗമിക്കുന്നു. എ ഐ യുഗത്തിലെ തൊഴിലവസരങ്ങളുടെ ഭാവി, ഇന്ത്യയുടെ നീതിന്യായ വ്യവസ്ഥയെ പരിവർത്തനം ചെയ്യുന്നതിന് എഐയെ ഉപയോഗപ്പെടുത്തൽ എന്നിവ പാനൽ ചർച്ചയിൽ ഉൾപ്പെടുന്നു.

**************

## ശബരിമല- സുപ്രീം കോടതി

ശബരിമല യുവതി പ്രവേശന വിഷയത്തിലെ പുനഃപരിശോധനാ ഹർജികൾ ഏപ്രിൽ 7 മുതൽ സുപ്രീം കോടതിയുടെ 9 അംഗ ബെഞ്ച് പരിഗണിക്കും. പുനഃപരിശോധനയെ പിന്തുണയ്ക്കുന്ന കക്ഷികളുടെ വാദം ഏപ്രിൽ 7 മുതൽ 9 വരെയും എതിർക്കുന്നവരുടേത് 14 മുതൽ 16 വരെയും കേൾക്കും. വാദം 22 ന് മുൻപ് പൂർത്തിയാകുമെന്നും കോടതി അറിയിച്ചു.ശബരിമല ക്ഷേത്രത്തിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചുകൊണ്ടുള്ള 2018 ലെ വിധിക്കെതിരായ പുന പരിശോധനാ ഹർജികളാണ് കോടതി പരിഗണിക്കുക.

**************

## ശബരിമല - പി. രാജീവ് (ഇൻട്രോ)

യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് അഭിപ്രായം പറയേണ്ടത് വിശ്വാസവുമായി ആഴത്തിൽ പാണ്ഡിത്യമുള്ളവരും സാമൂഹ്യ പരിഷ്ക്കരണ മേഖലയിൽ വിശ്വാസ്യത തെളിയിച്ചവരും ഉൾക്കൊള്ളുന്ന കമ്മീഷൻ ആണെന്ന മുൻ നിലപാടാണ്

RNU TVPM

സർക്കാരിനുള്ളതെന്ന് മന്ത്രി പി രാജീവ്. വാദം പൂർണമായി കേട്ട ശേഷം വ്യക്തമായ നിലപാട് എടുക്കുമെന്നും മന്ത്രി പറഞ്ഞു. (വോയ്സ്)

**************

## അമിത്ഷാ

ആർട്ടിക്കിൾ 370 റദ്ദാക്കിയതിനുശേഷം കശ്മീർ, വടക്കുകിഴക്കൻ പ്രദേശങ്ങൾ, മാവോയിസ്റ്റ് ബാധിത പ്രദേശങ്ങൾ എന്നിവിടങ്ങളിലെ അക്രമങ്ങൾ 80% കുറഞ്ഞുവെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഈ പ്രദേശങ്ങൾ അക്രമത്തിൽ നിന്ന് പൂർണ്ണമായും മുക്തമാകുന്ന ദിവസം വിദൂരമല്ലെന്നും അദ്ദേഹം പറഞ്ഞു . ഡൽഹി പോലീസിന്റെ 79 -ാമത് സ്ഥാപക ദിനത്തിൽ സേനാ അംഗങ്ങൾക്ക് ആശംസകൾ നേർന്ന് സംസാരിക്കുകായിരുന്നു അദ്ദേഹം.

RNU TVPM

**************

## മുഖ്യമന്ത്രി

ആധുനികരീതിയിൽ നിർമാണം പൂർത്തിയാക്കിയ സർജിക്കൽ ബ്ളോക്ക് ഉൾപ്പെടെ കോട്ടയം മെഡിക്കൽ കോളജിലെ 283 കോടി രൂപയുടെ വികസന പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിച്ചു . മെഡിക്കൽ കോളജ് അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ ആരോഗ്യ, വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു സർജിക്കൽ ബ്ളോക്കിനൊപ്പം മറ്റു 14 വികസനപദ്ധതികൾ കൂടി ചടങ്ങിൽ ഉദ്ഘാടനം ചെയ്യു 7.88 കോടി രൂപ ചെലവിട്ടു സ്ഥാപിച്ച കാത്ത് ലാബ്, ആറുകോടി രൂപ ചെലവിടുന്ന പാരാമെഡിക്കൽ ഹോസ്റ്റലിന്റെ പൂർത്തിയാക്കിയ ഒന്നാംഘട്ടം എന്നിവയാണ് ഇതിൽ പ്രധാനം

**************

## മുഹമ്മദ് റിയാസ്

പരമ്പരാഗത വൈദ്യശാസ്ത്ര രംഗത്ത്, മികവിന്റെ കേന്ദ്രമായി കേരളം ഉയരുകയാണെന്ന് ടൂറിസം-മന്ത്രി

പി.എ മുഹമ്മദ് റിയാസ്. ഒന്നരക്കോടി രൂപയിൽ നിർമിച്ച ബേപ്പൂരിലെ ഗവണ്മെന്റ് ആയുർവേദ ആശുപത്രിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സാമൂഹിക , കുടുംബ , പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സംയോജിപ്പിച്ച് ആരോഗ്യ സേവന ശൃംഖല കേരളത്തിൽ പ്രവർത്തിക്കുന്നതായും , പ്രാഥമിക ആരോഗ്യ മേഖലയ്ക്ക് സർക്കാർ ഊന്നൽ നൽകുന്നതായും

ശ്രീ മുഹമ്മദ് റിയാസ് പറഞ്ഞു .

**************

## ശിവൻകുട്ടി

2031 ഓടെ ലോകത്തിനു മാതൃകയാകുന്ന തരത്തിൽ തൊഴിലാളി സൗഹൃദ വികസിത സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്നും മന്ത്രി വി.ശിവൻകുട്ടി. ലോകത്തെവിടെയും തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവജനങ്ങളെ വാർത്തെടുക്കുകയും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഇരട്ടി ആക്കുകയുമാണ് ലക്ഷ്യം.തൊഴിൽ വകുപ്പിൻറെ വിഷൻ 2031 സെമിനാർ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

**************

## ക്ഷേമ പെൻഷൻ (ഇൻട്രോ)

സംസ്ഥാനത്തെ ഈ മാസത്തെ സാമൂഹ്യസുരക്ഷ , ക്ഷേമനിധി പെൻഷനുകൾ 25 മുതൽ വിതരണം തുടങ്ങും.
ഇതിനായി 1,050 കോടി രൂപ അനുവദിച്ചതായി ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.
(വോയ്സ്)

**************

## വിഷൻ 2031 ഫോർ ഹെൽത്ത്

'വിഷൻ 2031 ഫോർ ഹെൽത്ത് , കേരളത്തിന്റെ ആരോഗ്യരംഗത്തെ ഭാവിക്ക് മുതൽക്കൂട്ടാകുമെന്ന്

RNU TVPM

ആരോഗ്യമന്ത്രി വീണാ ജോർജ്. ചികിത്സാ ചെലവിൽ നിന്ന് സംസ്ഥാനത്തെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് സാർവത്രിക ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിഷൻ 2031 അന്തർദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ആരോഗ്യ മന്ത്രി.

**************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 22 ന്. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദര്ശന്റെയും ആകാശവാണിയുടെയും എല്ലാ ശ്യംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 20 വരെ അറിയിക്കാം.

RNU TVPM

**************

## ഐ.സി.സി പുരുഷ ട്വന്റി 20 ലോകകപ്പ്

ഐ.സി.സി പുരുഷ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇറ്റലിക്കെതിരെ ഇംഗ്ലണ്ടിന് 24 റൺസിൻറെ വിജയം. മത്സരം ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇംഗ്ലണ്ട് നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 202 റൺ എടുത്തു. നിശ്ചിത ഓവറിൽ 178 റൺസ് നേടാനേ ഇറ്റലിക്കായുള്ളൂ.

ഇന്ന് നടന്ന ആദ്യ മത്സരത്തിൽ യു .എ .ഇ യ് ക്കെതിരെ, അഫ്ഗാനിസ്ഥാൻ 5 വിക്കറ്റിന് ജയിച്ചു .
ഇന്നത്തെ മൂന്നാമത് മത്സരത്തിൽ , ഓസ്ട്രേലിയ, ശ്രീലങ്കയെ രാത്രി 7 മണിക്ക് നേരിടും.

**************

## ഒ.പി ബഹിഷ്കരണം-മെഡിക്കൽ കോളേജ്

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ അനിശ്ചിതകാല ഒ.പി ബഹിഷ്കരണവും അധ്യാപന ബഹിഷ്കരണവും ആരംഭിച്ചു. രോഗികൾക്കുൾപ്പെടെ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ഡി.എ. കുടിശ്ശിക നൽകുക , ശമ്പള പരിഷ്കരണ കുടിശ്ശിക അന്യായമായി നീട്ടിവയ്ക്കുന്നത് അവസാനിപ്പിക്കുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. 19 മുതൽ അടിയന്തരമല്ലാത്ത ശസ്ത്രക്രിയകളും 26 മുതൽ എല്ലാ പരീക്ഷാ ജോലികളും ബഹിഷ്കരിക്കുമെന്നും സംഘടന അറിയിച്ചു.

**************

## ആറ്റുകാൽ പൊങ്കാല - ഭക്ഷ്യസുരക്ഷാ വകുപ്പ്

ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് സമ്പൂർണ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ ഭക്ഷ്യസ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കണമെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ്. പൊങ്കാലയോടനുബന്ധിച്ച് ഭക്ഷ്യസംരംഭകർ, പാചകത്തൊഴിലാളികൾ എന്നിവർക്കായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഈ മാസം 19ന് ബോധവത്കരണ ക്ലാസ് നടത്തും. എല്ലാ ഭക്ഷ്യസ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ ലൈസൻസ് രജിസ്ട്രേഷന്റെ പകർപ്പ് സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് വകുപ്പ് നിർദ്ദേശിച്ചു.

RNU TVPM

**************

## അനൗൺസ്മെൻറ്

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള സമയപരിധി നാളെ

അവസാനിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം.

കൂടുതൽവിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

**************

<u>**പോലീസ് വാഹനങ്ങൾ മുഖ്യമന്ത്രി**</u>

സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും വർധിപ്പിക്കുന്നതിന്

വിവിധ യൂണിറ്റുകൾക്കായി വാങ്ങിയ വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു ഫ്ളാഗ് ഓഫ് ചെയ്തു. പുതിയ 146 വാഹനങ്ങളാണ് സേനയുടെ ഭാഗമായത്. 2024 ലെ മികച്ച പൊലീസ് സ്റ്റേഷനുകൾക്കുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരവും ഈ ചടങ്ങിൽ സമ്മാനിച്ചു.

**************

**********

****

RNU TVPM